# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 10, വെള്ളി

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--152]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : 2663 മുതൽ 2715 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : 2716 മുതൽ 2732 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : 2733 മുതൽ 2776 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : 2777 മുതൽ 2814 വരെ |

ഏറനാട് മണ്ഡലത്തിലെ ഹാഡ പദ്ധതി

2663. ശ്രീ.പി.കെ.ബഷീർ ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാഡ പദ്ധതിയിൻ കീഴിൽ ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി, ചാലിയാർ എന്നീ പഞ്ചായത്തുകളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്; പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നവ ഏതൊക്കെയാണ്; വർഷം തിരിച്ച് വിശദാംശം നൽകുമോ?

കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ

2664. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (KURDFC) രൂപീകരിക്കുമെന്ന 2014-15ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ കോർപ്പറേഷന്റെ പ്രവർത്തന മേഖല വിശദമാക്കാമോ; എന്തൊക്കെ പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നത് എന്നറിയിക്കാമോ;

(സി) കോർപ്പറേഷൻ ആസ്ഥാനം എവിടെ സ്ഥിതിചെയ്യുന്നു എന്നറിയിക്കാമോ?

## ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി

2665. ശ്രീ.റ്റി.വി.രാജേഷ്ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസിയിൽ കണ്ണൂർ ജില്ലയിലെ പട്ടുവം, കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് പ്രസ്തുത പഞ്ചായത്തുകളെ 'ഹാഡ'യിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

## ഇന്ദിര ആവാസ് യോജന

2666. ശ്രീ.എ.കെ.ബാലൻ
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.സി.കൃഷ്ണൻ
,, കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**)**ശ്രീ.എ.കെ.ബാലൻ
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.സി.കൃഷ്ണൻ
,, കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**) :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ചതും നിർമ്മാണം പൂർത്തിയായതുമായ വീടുകളുടെ വിശദാംശം ലഭ്യമാക്കാമോ;

## ഇന്ദിര ആവാസ് യോജന പദ്ധതി

2667. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണിശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ (ഇന്ദിര ആവാസ് യോജന) പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി എത്ര തുകയാണ് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിഹിതം എത്രയാണെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാന സർക്കാരിന്റെ വിഹിതം നൽകാത്തതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഗുണഭോക്താക്കൾക്കുമുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാരിന്റെ വിഹിതം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ

2668. ശ്രീ.കെ.മുരളീധരൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, പി.സി വിഷ്ണുനാഥ്

,, ബെന്നി ബെഹനാൻശ്രീ.കെ.മുരളീധരൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, പി.സി വിഷ്ണുനാഥ്

,, ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എങ്കിൽ ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ വഴി എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് ചെയ്യുന്നതെന്ന് വിശദീകരിക്കുമോ ;

## ഇന്ദിരാ ആവാസ് യോജന

2669. ശ്രീ.ഇ.പി.ജയരാജൻശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനാ പദ്ധതിയിൽ 2013-14 ൽ സംസ്ഥാനത്ത് ആകെ എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2013-14 പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങളിലെ ഓരോ ഗുണഭോക്താവിനും നിശ്ചയിക്കപ്പെട്ട ധനസഹായം എത്രയാണ്;

(സി) 2013-14 ലെ പദ്ധതി നടപ്പിലാക്കുവാൻ ആകെ എത്ര തുക ലഭ്യമാക്കേണ്ടതുണ്ടായിരുന്നു ;

(ഡി) 2013-14 ൽ ആകെ എത്ര സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി;

(ഇ) 2013-14 ലെ പദ്ധതിയിൽ ഉൾപ്പെട്ട എത്ര വീടുകൾ പൂർത്തീകരിക്കുകയുണ്ടായി?

## ഇന്ദിരാ ആവാസ് യോജനാ പദ്ധതി

2670. ശ്രീ.ഇ.പി.ജയരാജൻശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനാ പദ്ധതിയിൽ 2014-2015 ൽ സംസ്ഥാനത്ത് ആകെ എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങളിലെ ഓരോ ഗുണഭോക്താവിനും നിശ്ചയിക്കപ്പെട്ട ധനസഹായം എത്രയാണ്;

(സി) പദ്ധതി പൂർത്തീകരിക്കുവാൻ ആകെ എത്ര തുക ലഭ്യമാക്കേണ്ടതുണ്ടായിരുന്നു;

(ഡി) പദ്ധതിക്ക് ആകെ എത്ര സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി;

(ഇ) പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

<u>സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ്</u>

2671. **ശ്രീ.ഇ.പി.ജയരാജൻശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എല്ലാ ജില്ലയിലും പൂർത്തീകരിക്കുകയുണ്ടായോ;കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായോ;

(ബി) പൊതുജനങ്ങൾക്ക് കരട് ലിസ്റ്റ് എവിടെ നിന്നാണ് ലഭ്യമാകുന്നത്;

(സി) കരട് ലിസ്റ്റിനെ സംബന്ധിച്ച ആക്ഷേപങ്ങൾ ആർക്കാണു നൽകേണ്ടത് ആക്ഷേപങ്ങൾ നൽകുന്നതിനുള്ള അവസാന തീയതി എന്നാണ്;

(ഡി) ഫൈനൽ ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

<u>ബ്ലോക്ക് പഞ്ചായത്ത് അതിർത്തികളുടെ പുനഃക്രമീകരണം</u>

2672. **ശ്രീ.പി.ടി.എ. റഹീംശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്ത് അതിർത്തികൾ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) പുതിയ മുനിസിപ്പാലിറ്റികളുടെ രൂപീകരണത്തോടെ മൂന്നോ അതിൽ താഴെയോ പഞ്ചായത്തുകളുള്ള എത്ര ബ്ലോക്ക് പഞ്ചായത്തുകളാണ് സംസ്ഥാനത്തുണ്ടായത് എന്ന് വ്യക്തമാക്കാമോ?

<u>തൊഴിലുറപ്പ് പദ്ധതി</u>

2673. **ശ്രീമതി.കെ.എസ്.സലീഖശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൻപ്രകാരം എത്ര പേർ പണിയെടുക്കുന്നു ;

(ബി) 2014-15 സാമ്പത്തിക വർഷം എത്ര പേർക്ക് നൂറ് ദിവസം തൊഴിൽ നൽകാൻ സാധിച്ചു ;

(സി) 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായമായി ലഭിച്ച തുക എത്ര ;

സംസ്ഥാന വിഹിതം എത്ര ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ കേന്ദ്ര വിഹിതം സംസ്ഥാനം 2014-15 ൽ വകമാറ്റി ചെലവഴിച്ചുവോ ; വ്യക്തമാക്കുമോ ;

(ഇ) തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബത്തെ സഹായിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; മുഴവൻ തൊഴിലുറപ്പ് തൊഴിലാളികൾക്കും സമ്പൂർണ്ണ ഇൻഷൂറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>തൊഴിലുറപ്പ് പദ്ധതി വേതനം</u>

2674. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ എത്ര പേർ ഏർപ്പെട്ടിട്ടുണ്ടെന്നും ഇവർക്ക് ഇപ്പോൾ എത്ര രൂപ പ്രതിദിന വേതനം നൽകുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ്, ക്ഷേമ പെൻഷൻ ഏത് രീതിയിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ</u>

2675. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ നൽകുമെന്ന പ്രഖ്യാപനം 2013-14 ലെ ബഡ്ജറ്റിൽ നടത്തിയിരുന്നുവോ ; പ്രസ്തുത പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

<u>നബാർഡിന്റെ ആർ. ഐ. ഡി. എഫ്. സ്കീം</u>

2676. **ശ്രീ.റ്റി.വി.രാജേഷ്ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ. ഐ. ഡി. എഫ്. സ്കീമിൽ (ട്രാഞ്ചെ xx ) ഉൾപ്പെടുത്തി കണ്ണൂർ ജില്ലാപഞ്ചായത്ത് മുഖേന ഹയർസെക്കണ്ടറി സ്കൂളുകൾക്ക് കെട്ടിടം പണിയുന്നതിന് സമർപ്പിച്ച ഏതൊക്കെ പ്രോജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചത്; വിശദാംശം നൽകുമോ;

(ബി) അംഗീകാരം ലഭിച്ച സ്കൂളുകളുടെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

2677. ശ്രീ.എ.കെ.ബാലൻശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷം എത്ര പേർക്ക് തൊഴിൽ ലഭിച്ചു ; വർഷം, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ നാലു വർഷങ്ങളിൽ പദ്ധതിക്കായി എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി പ്രകാരം തൊഴിലെടുക്കുന്നവരുടെ വേതനത്തിൽ കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ എത്ര തുക; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഈ തുക എന്നത്തേയ്ക്ക് ലഭ്യമാക്കും എന്നും അറിയിക്കാമോ;

(ഡി) ഈ പദ്ധതിയിൽ പുതിയ എന്തെങ്കിലും തൊഴിൽ കൂടി ഉൾപ്പെടുത്തണമെന്ന് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## ഭവനരഹിതരായവർക്കുള്ള പദ്ധതികൾ

2678. ശ്രീ.പി.കെ.ബഷീർ
,, എൻ. ഷംസുദ്ദീൻ
,, എം.ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണിശ്രീ.പി.കെ.ബഷീർ
,, എൻ. ഷംസുദ്ദീൻ
,, എം.ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായവരുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചതും, പരിഷ്കരിച്ചതുമായ പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന ഈ രംഗത്ത് കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കുമോ;

(സി) വിവിധ വകുപ്പുകളിലൂടെ നടപ്പാക്കുന്ന പദ്ധതികളുടെ ആസൂത്രണ, നിരീക്ഷണത്തിന് ആസൂത്രണവകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

## ഇന്ദിര ആവാസ് യോജനാ പദ്ധതി **2011-2012**

2679. ശ്രീ.ഇ.പി.ജയരാജൻശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജനാ പദ്ധതിയിൽ 2011-2012 ൽ സംസ്ഥാനത്ത് ആകെ എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഇന്ദിര ആവാസ് യോജനാപദ്ധതി പ്രകാരം വിവിധ വിഭാഗങ്ങൾക്ക് 2011-2012 ൽ ഓരോ യൂണിറ്റിനും നിശ്ചയിക്കപ്പെട്ട സാമ്പത്തിക സഹായം എത്രയാണ് ;

(സി) 2011-2012 ൽ വിവിധ വിഭാഗങ്ങൾക്ക് ആകെ എത്ര സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ടായിരുന്നു ;

(ഡി) 2011-2012 ൽ ആകെ എത്ര സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി ;

(ഇ) 2011-2012 പദ്ധയിൽ ഉൾപ്പെടുത്തിയ എത്ര വീടുകൾ പൂർത്തീകരിക്കുകയുണ്ടായി ?

## <u>**2012-2013-**ലെ 'ഇന്ദിരാ ആവാസ് യോജന' പദ്ധതി</u>

2680. **ശ്രീ.ഇ.പി.ജയരാജൻശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 -2013-ൽ, 'ഇന്ദിരാ ആവാസ് യോജന' പദ്ധതിയുടെ ഗുണഭോക്താക്കളായി സംസ്ഥാനത്ത് ആകെ എത്ര പേരെ തെരഞ്ഞെടുത്തു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങളിലെ ഓരോ ഗുണഭോക്താവിനും എത്ര തുക വീതമാണ് ധനസഹായമായി നിശ്ചയിക്കപ്പെട്ടത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സാമ്പത്തിക വർഷം ഇതിനായി ആകെ എത്ര തുക ആവശ്യമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ ആകെ എത്ര തുക അനുവദിക്കുകയുണ്ടായി എന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത സാമ്പത്തിക വർഷം പദ്ധതിപ്രകാരം പൂർത്തിയാക്കേണ്ട എത്ര വീടുകൾ പൂർത്തീകരിക്കുകയുണ്ടായി?

## <u>പതാക നൗക പരിപാടി</u>

2681. **ശ്രീ.ഇ.പി.ജയരാജൻ**
**പ്രൊഫ. സി.രവീന്ദ്രനാഥ്**
**ശ്രീ.കെ. ദാസൻ**
**,, ബാബു എം. പാലിശ്ശേരിശ്രീ.ഇ.പി.ജയരാജൻ**
**പ്രൊഫ. സി.രവീന്ദ്രനാഥ്**
**ശ്രീ.കെ. ദാസൻ**
**,, ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതിനിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പതാകനൗക (ഫ്ലാഗ്ഷിപ്പ്) പരിപാടിയിൽ ഉൾപ്പെടുത്തി 2013-14-ലെ ബഡ്ജറ്റിൽ

പ്രഖ്യാപിച്ച പ്രവർത്തനങ്ങൾ നടപ്പാക്കുകയുണ്ടായോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ ഫലമായി 2013-14, 2014-15 എന്നീ വാർഷിക പദ്ധതികളിൽ എന്ത് ഗുണകരമായ മാറ്റങ്ങളാണ് ഉണ്ടായതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത രണ്ടു വാർഷിക പദ്ധതികളിലുംപദ്ധതിച്ചെലവിൽ മൂലധനനിക്ഷേപ ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഉപോൽബലകമായ കണക്കുകൾ നൽകാമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ മൂലധനനിക്ഷേപശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് 2014-15-ലെ പദ്ധതിച്ചെലവ് കുറയാൻ ഇടയായതെന്ന് അറിയിക്കാമോ?

## ആലപ്പുഴ ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം

2682. **ശ്രീ.പി.കെ.ബഷീർ ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലവിൽ വന്ന സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/അസിസ്റ്റന്റ് ഗ്രേഡ് -2 റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ;

(ബി) പുതുതായി എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ; പ്രസ്തുത തസ്തികയിലെ കേഡർ സ്ട്രെങ്ത് എത്രയാണ് ; വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ പ്രസ്തുത തസ്തിക പുതുതായി സൃഷ്ടിക്കുകയോ, വെട്ടിച്ചുരുക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) നിലവിൽ ജില്ലയിൽ ഏതെല്ലാം ഓഫീസുകളിലാണ് ഈ തസ്തിക നിലവിലുള്ളത് ; വ്യക്തമാക്കുമോ ;

(ഇ) 2015-16 സാമ്പത്തിക വർഷത്തിൽ പ്രമോഷൻ ഉൾപ്പെടെ എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ?

## കേന്ദ്ര സർക്കാർ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ

T 2683. ശ്രീ.ടി.എൻ. പ്രതാപൻ

,, വി.പി.സജീന്ദ്രൻ

,, പി.സി വിഷ്ണുനാഥ്

,, അൻവർ സാദത്ത്ശ്രീ.ടി.എൻ. പ്രതാപൻ

,, വി.പി.സജീന്ദ്രൻ

,, പി.സി വിഷ്ണുനാഥ്

,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അതിനായി ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ എന്ന്

വ്യക്തമാക്കുമോ ;എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ ഉള്ളടക്കം വിശദമാക്കുമോ ;

(സി) ഇത് മോണിറ്റർ ചെയ്യുവാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

പ്ലാനിംഗ് കമ്മീഷൻ പുന:സംഘടന

T 2684. ശ്രീ.എം.ഉമ്മർശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്ലാനിംഗ് കമ്മീഷൻ പുന:സംഘടിപ്പിച്ചത് സംസ്ഥാന സർക്കാരിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) നീതി ആയോഗിന്റെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാത്തതു മൂലമുള്ള പ്രശ്നങ്ങൾ സംസ്ഥാന സമ്പദ് വ്യവസ്ഥയെ ബാധിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ?

വിദ്യാഭ്യാസ വായ്പ

2685. ശ്രീ.റ്റി.വി.രാജേഷ്ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പക്ക് അർഹതയുണ്ടോ; എത്ര രൂപയാണ് വായ്പ നൽകുന്നത്;

(ബി) കുടുംബ വാർഷിക വരുമാനം എത്ര രൂപവരെയുള്ളവർക്കാണ് വിദ്യാഭ്യാസ വായ്പക്ക് അർഹത; വിശദാംശം നൽകുമോ;

(സി) തിരിച്ചടവ് സംബന്ധിച്ചും പലിശസബ്സിഡി സംബന്ധിച്ചുമുള്ള വിശദാംശം നൽകുമോ;

(ഡി) പലിശ സബ്സിഡിക്കുള്ള അർഹത എന്താണ്; അതിനുള്ള അപേക്ഷ എവിടെയാണ് നല്കേണ്ടത്; വിശദാംശം നൽകുമോ?

വിദ്യാഭ്യാസ വായ്പാ പലിശ

T 2686. ശ്രീ.മോൻസ് ജോസഫ്ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയെടുത്തവരുടെ പലിശ ഒഴിവാക്കുന്നതു സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) വിദ്യാഭ്യാസ വായ്പയെടുത്ത് മരണമടഞ്ഞു പോയവർക്കും, പഠിത്തം അവസാനിപ്പിച്ചവർക്കും വായ്പയിൽ ഇളവ് നൽകാറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേന്ദ്രപദ്ധതി നടത്തിപ്പ്

T 2687. ശ്രീ.പി.കെ.ബഷീർ ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിൽ കേന്ദ്രമാനദണ്ഡങ്ങൾ മൂലം പ്രയാസങ്ങൾ നേരിടുന്നുണ്ടോ;

(ബി) എങ്കിൽ അക്കാര്യം കേന്ദ്രസർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) കേന്ദ്രപദ്ധതികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനായി ആവശ്യമായ സംസ്ഥാനവിഹിതം കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുമോ;

(ഡി) നിർത്തലാക്കുന്ന കേന്ദ്രപദ്ധതികളുടെ തുടർപ്രവർത്തനം സംസ്ഥാന പദ്ധതികളുമായി യോജിപ്പിച്ച് നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

2688. ശ്രീ.ഇ.ചന്ദ്രശേഖരൻശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് പറയാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ പദ്ധതിയിലും ലഭ്യമായ തുകയെത്രയെന്ന് വർഷം, ഇനം, വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ യഥാസമയം പൂർത്തിയാകാത്തത് കൊണ്ട് കേരളത്തിന് ഏതെങ്കിലും പദ്ധതികൾ നഷ്ടപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള പരിപ്രേക്ഷ്യ പദ്ധതി **2030**

2689. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, വി.റ്റി.ബൽറാം
,, ജോസഫ് വാഴയ്ക്കൻ
,, ലൂഡി ലൂയിസ്ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, വി.റ്റി.ബൽറാം
,, ജോസഫ് വാഴയ്ക്കൻ
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ന് രൂപം കൊടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

### <u>ദീർഘവീക്ഷണ പ്ലാൻ **2030**</u>

T 2690. ശ്രീ.സി.ദിവാകരൻശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘവീക്ഷണ പ്ലാൻ 2030 ന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കാമോ ; എന്തെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

### <u>മിൽമയുടെ പ്രവർത്തനങ്ങൾ</u>

2691. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, കെ.എം.ഷാജി

,, സി.മോയിൻ കുട്ടി

,, പി.ബി. അബ്ദുൾ റസാക്ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, കെ.എം.ഷാജി

,, സി.മോയിൻ കുട്ടി

,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മിൽമയുടെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനം ലാഭകരമാക്കുന്നതിന് വേണ്ടി ഇക്കാലയളവിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) മിൽമ യൂണിറ്റുകൾ സംസ്ഥാനത്ത് എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ ലാഭകരമായി പ്രവർത്തിക്കുന്നവയുടെ വിശദവിവരം നല്കാമോ?

### <u>ക്ഷീര ഗ്രാമ പദ്ധതി</u>

2692. ശ്രീ.വി.പി.സജീന്ദ്രൻ

,, വർക്കല കഹാർ

,, സി.പി.മുഹമ്മദ്

,, ഹൈബി ഈഡൻശ്രീ.വി.പി.സജീന്ദ്രൻ

,, വർക്കല കഹാർ

,, സി.പി.മുഹമ്മദ്

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര ഗ്രാമ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പദ്ധതി ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ആരംഭിക്കാത്ത സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

<u>പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി</u>

2693. ശ്രീ.ആർ . സെൽവരാജ്

,, ഐ.സി.ബാലകൃഷ്ണൻ

,, എ.റ്റി.ജോർജ്

,, പാലോട് രവിശ്രീ.ആർ . സെൽവരാജ്

,, ഐ.സി.ബാലകൃഷ്ണൻ

,, എ.റ്റി.ജോർജ്

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ക്ഷീര കർഷകർക്കുള്ള ക്ഷേമ പെൻഷൻ</u>

2694. ശ്രീ.ബി.ഡി. ദേവസ്സിശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്കുള്ള ക്ഷേമ പെൻഷൻ മാസങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2014 മെയ് മാസം വരെ പെൻഷൻ ലഭിച്ച ക്ഷീരകർഷകർക്ക് പിന്നീട് ഒരു വർഷക്കാലമായി പെൻഷൻ ലഭിക്കാത്തത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ശ്രീമതി ഷൺമുഖൻ, മടത്തിപറമ്പിൽ വീട്, മുനിപ്പാറ, പരിയാരം-പി.ഒ, കാഞ്ഞിരപ്പിള്ളി, തൃശ്ശൂർ ജില്ല എന്ന ക്ഷീരകർഷകയുടെ പെൻഷൻ കുടിശ്ശിക ലഭിയ്ക്കുന്നതിനുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

## മിൽമ പാലുൽപ്പാദനവും വിതരണവും

2695. ശ്രീ.വി.എസ്.സുനിൽ കുമാർ

,, മുല്ലക്കര രത്നാകരൻ

,, ചിറ്റയം ഗോപകുമാർ

ശ്രീമതി.ഗീതാ ഗോപി ശ്രീ.വി.എസ്.സുനിൽ കുമാർ

,, മുല്ലക്കര രത്നാകരൻ

,, ചിറ്റയം ഗോപകുമാർ

ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ മിൽമ പ്രതിദിനം എത്ര ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട് ;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലേക്ക് പാൽ കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രതിദിനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാൽ എത്ര ലിറ്ററാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പാൽ വിതരണത്തിനായി മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുകൊണ്ടുള്ള പ്രയോജനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) എത്രകാലംകൊണ്ട് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

## കൊട്ടാരക്കര സാംസ്കാരിക മ്യൂസിയം

2696. ശ്രീമതി.പി. അയിഷാ പോറ്റിശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ ദേവസ്വം ബോർഡിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക വകുപ്പിന്റെ മ്യൂസിയം നവീകരണത്തിനായി എത്ര തുക ചെലവഴിച്ചുവെന്നു വെളിപ്പെടുത്തുമോ ;

(ബി) മ്യൂസിയത്തിൽ നടത്തിയ നവീകരണ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) കെട്ടിടത്തിൽ നിന്നും മ്യൂസിയം ഒഴിയണമെന്ന ദേവസ്വം ബോർഡിന്റെ നോട്ടീസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത മ്യൂസിയം നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ തന്നെ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ ?

## പൈതൃക മ്യൂസിയങ്ങൾ

2697. ശ്രീ.വി.ഡി.സതീശൻ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എ.പി.അബ്ദുള്ളക്കുട്ടിശ്രീ.വി.ഡി.സതീശൻ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക മ്യൂസിയങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ആരുടെയെല്ലാം സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിനു സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കുമോ?

<u>മലയാളം മിഷൻ</u>

2698. ശ്രീ.സി.പി.മുഹമ്മദ്

,, ഐ.സി.ബാലകൃഷ്ണൻ

,, കെ.ശിവദാസൻ നായർ

,, എം.പി.വിൻസെൻറ്ശ്രീ.സി.പി.മുഹമ്മദ്

,, ഐ.സി.ബാലകൃഷ്ണൻ

,, കെ.ശിവദാസൻ നായർ

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാളം മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഭാഷാപഠനത്തിന്റെ മാർഗ്ഗ രേഖ ഉൾപ്പെടെയുള്ള കാര്യങ്ങളും ക്രോഡീകരിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുമോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പഠനവിഷയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

<u>കലാകാര പെൻഷൻ</u>

2699. ശ്രീ.എസ്.രാജേന്ദ്രൻശ്രീ.എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്കാണ് കലാകാര പെൻഷൻ നൽകിയത്; ഇതിനായി നീക്കിവച്ച തുക എത്രയെന്നും എത്ര രൂപ വീതമാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(ബി) കലാകാര പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്തെന്നും ഏതൊക്കെ കലാരംഗങ്ങളിലുള്ളവരെയാണ് പെൻഷന് പരിഗണിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) നാടൻ കലാകാരൻമാർക്ക് ഫെലോഷിപ്പ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് വിഭാഗക്കാർക്കാണ് ; ഈയിനത്തിൽ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

## കരുമാടി ബുദ്ധപ്രതിമ സംരക്ഷിക്കാൻ നടപടി

2700. **ശ്രീ.ജി.സുധാകരൻശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ കരുമാടി ബുദ്ധപ്രതിമ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ?

(ബി) ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഉമൈത്താനകത്ത് കുഞ്ഞികാദറിന് സ്മാരകം

2701. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണിശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രിട്ടീഷുകാരുമായുള്ള സ്വാതന്ത്ര്യസമര പോരാട്ടത്തിൽ രക്തസാക്ഷിയായ ഉമൈത്താനകത്ത് കുഞ്ഞികാദർ മലപ്പുറം ജില്ലയിലെ താനൂർ സ്വദേശിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ദേഹത്തിന് സമുചിതമായ ഒരു സ്മാരകവും താനൂരിൽ ഇല്ലായെന്ന കാര്യം അറിയാമോ;

(സി) കുഞ്ഞികാദറിന്റെ സ്മരണയ്ക്കായി താനൂരിൽ ഒരു സ്മാരകം പണിയുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## കണ്ണപെരുവണ്ണാൻെറ സ്മരണയ്ക്കായി ഫോക് ലോർ വില്ലേജ്

2702. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെയ്യം കലയുടെ കുലപതിയായ നർത്തകരത്നം കണ്ണപെരുവണ്ണാൻെറ സ്മരണ നിലനിർത്തുന്നതിനും തെയ്യം കല പരിപോഷിപ്പിക്കുന്നതിനുമായി അദ്ദേഹത്തിൻെറ ജന്മനാടായ കൊടക്കാട് ഗ്രാമത്തിൽ കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഫോക് ലോർ

വില്ലേജിന് ആവശ്യമായ സ്ഥലം പതിച്ചു ലഭിക്കുന്നതിനുൾപ്പടെയുള്ള നടപടികൾ പൂർത്തിയാകാത്തതിൻെറ കാരണം വ്യക്തമാക്കാമോ ?

ദൃശ്യ- ശ്രവ്യ-പത്രമാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുക .

2703. **ശ്രീ.ജെയിംസ് മാത്യു ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ 2015മാർച്ച് വരെ ഐ&പിആർഡി വഴി വിവിധ ദൃശ്യ- ശ്രവ്യ-പത്ര മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ നൽകിയ തുകയെത്ര; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) റിലീസ് ചെയ്ത പരസ്യങ്ങൾക്ക് നാളിതുവരെ കൊടുത്തു തീർക്കാനുള്ള തുക എത്രയെന്നും ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും പരസ്യത്തിലേക്കായി ബഡ്ജറ്റിൽ നീക്കി വച്ച തുക എത്രയെന്നും ചെലവാക്കിയ തുക എത്രയെന്നുമുള്ള കണക്ക് നൽകാമോ?

സെന്റർ ഫോർ ഡവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി വിഭാഗത്തിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി

2704. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ അലോചിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സ്ഥാപനത്തിലെ ഏത് വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരെയാണ് പെൻഷൻ പദ്ധതിക്കായി പരിഗണിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) പെൻഷൻ പദ്ധതിയിൽ പരിഗണിക്കപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ പട്ടിക ലഭ്യമാക്കാമോ ;

(ഡി) പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സി-ഡിറ്റിൽ എത്ര യോഗങ്ങൾ ചേർന്നു; യോഗ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

പ്രവാസികളുടെ പുനരധിവാസം

2705. **ശ്രീ.പി.കെ.ബഷീർ ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഇവർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്നുണ്ടോ; ഇത്തരം വായ്പയ്ക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കുറഞ്ഞ നിരക്കിൽ വായ്പ നൽകി പ്രവാസി സ്വയംതൊഴിൽ സംരംഭങ്ങൾ ഊർജ്ജിതപ്പെടുത്തുമോ?

<u>ഗൾഫ് മേഖലയിലെ തോഴിലവസരങ്ങലോടുള്ള വിമുഖത</u>

2706. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ

,, പി.ഉബൈദുള്ള

,, വി.എം.ഉമ്മർ മാസ്റ്റർ ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ

,, പി.ഉബൈദുള്ള

,, വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയർക്ക് ഗൾഫ് മേഖലയിലെ തൊഴിലവസരങ്ങളുടെ കാര്യത്തിൽ മുൻകാലങ്ങളിലെപ്പോലെ താല്പര്യം ഇല്ലെന്നും വിമുഖത കൂടിവരുന്നു എന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രവണത തുടർന്നാൽ കേരളത്തിന്റെ സാമ്പത്തിക, തൊഴിൽ രംഗങ്ങളിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ പ്രതികൂല പ്രത്യാഘാതങ്ങൾ ഒഴിവാക്കുന്നതിന് എന്തു സമീപനം സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഗൾഫ് മലയാളികൾക്ക് നിയമസഹായം</u>

2707. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, എ.റ്റി.ജോർജ്

,, പി.എ.മാധവൻ

,, സണ്ണി ജോസഫ് ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, എ.റ്റി.ജോർജ്

,, പി.എ.മാധവൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലടക്കപ്പെട്ട മലയാളികൾക്ക് നിയമ സഹായം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ ?

## പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി

2708. ശ്രീ.ഹൈബി ഈഡന്‍

,, ടി.എന്‍. പ്രതാപന്‍

,, പാലോട് രവി

,, ആര്‍ . സെല്‍വരാജ്ശ്രീ.ഹൈബി ഈഡന്‍

,, ടി.എന്‍. പ്രതാപന്‍

,, പാലോട് രവി

,, ആര്‍ . സെല്‍വരാജ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) പദ്ധതി പ്രകാരം സ്വയം തൊഴില്‍ സംരംഭത്തിനായി വായ്പകള്‍ നല്‍കിയിട്ടുണ്ടോ ;

(സി) എങ്കില്‍ ഏതെല്ലാം മേഖലകളിലാണ് വായ്പകള്‍ നല്‍കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തില്‍ എന്തെല്ലാം സംവിധാനങ്ങളാണ് ഏര്‍പ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## പ്രവാസി പുനരധിവാസ പദ്ധതി

2709. ശ്രീ.കെ.വി.അബ്ദുള്‍ ഖാദര്‍ശ്രീ.കെ.വി.അബ്ദുള്‍ ഖാദര്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പ്രവാസി പുനരധിവാസ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രവാസികള്‍ ക്ക് ചികിത്സാസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസികളുടെ കുടുംബങ്ങള്‍ക്കുള്ള ധനസഹായം നല്‍കുന്നുണ്ടോ; എത്ര കുടുംബങ്ങള്‍ക്കാണ് കഴിഞ്ഞ നാല് വര്‍ഷം ഈ ഇനത്തില്‍ സഹായം നല്‍കിയത്?

## പ്രവാസി മലയാളികള്‍

2710. ശ്രീമതി.കെ.എസ്.സലീഖശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പ്രവാസി മലയാളികൾ 2014-15 സാമ്പത്തിക വർഷം കേരളത്തിലേക്ക് അയച്ച ശരാശരി തുക എത്ര കോടി രൂപയാണെന്നാണ് നോർക്ക വിലയിരുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) നോർക്കയുടെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി നോക്കുന്നത് എവിടെയാണ് ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ള ജില്ലയും താലൂക്കും ഏതെന്ന് വ്യക്തമാക്കുമോ ?

<u>പ്രവാസി മലയാളികളുടെ പുനരധിവാസം .</u>

2711. ഡോ.കെ.ടി.ജലീൽഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി 2014-15-ലെ ബഡ്ജറ്റിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) പ്രസ്തുത പാക്കേജിന് കീഴിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾക്ക് എന്ത് തുക ചെലവഴിച്ചു?

<u>തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വരുന്ന പ്രവാസികളുടെ ക്ഷേമം</u>

2712. ഡോ.കെ.ടി.ജലീൽഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വരുന്ന പ്രവാസികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും ആയി ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുമെന്ന 2014-15 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ;വിശദമാക്കുമോ ;

(ബി) ഇതിനായി നീക്കിവെച്ച തുക എത്ര ; ചെലവഴിച്ച തുക എത്ര ;വിശദമാക്കുമോ?

<u>നോർക്ക മുഖേനയുള്ള ധനസഹായം</u>

2713. ശ്രീ.പി.കെ.ബഷീർ ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുകയോ പരിക്ക് പറ്റുകയോ ചെയ്യുന്നവർക്ക് നോർക്ക എന്തെല്ലാം ധനസഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശത്ത് ജോലി ചെയ്യുന്നതിനിടയിൽ മരണപ്പെട്ടാൽ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നോർക്കയുടെ വിവിധ പദ്ധതികൾ മുഖേന മലപ്പുറം ജില്ലയിൽ എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>സ്വകാര്യ ഏജൻസികൾ വഴിയുള്ള വിസ</u>

2714. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, കെ.സുരേഷ് കുറുപ്പ്

,, കെ.വി.അബ്ദുൾ ഖാദർ

ഡോ.കെ.ടി.ജലീൽശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, കെ.സുരേഷ് കുറുപ്പ്

,, കെ.വി.അബ്ദുൾ ഖാദർ

ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഏജൻസികൾ വഴിയുള്ള വിസയ്ക്ക് നിരോധനം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ തീരുമാനം വന്നതോടെ സ്വകാര്യ ഏജൻസികൾ വഴി വിസ ലഭിച്ചവരുടെ വിദേശയാത്ര മുടങ്ങിയത് മൂലം അവർ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ തീരുമാനങ്ങൾ പ്രകാരം വിദേശ രാജ്യങ്ങളിലേയ്ക്ക് ഇനി മുതലുള്ള റിക്രൂട്ട്മെന്റ് സംബന്ധിച്ച് വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയാനിന്നു അറിയാമോ ?

<u>നഴ്സിംഗ് റിക്രൂട്ട്മെന്റിലെ ചൂഷണങ്ങൾ</u>

2715. ശ്രീ.കെ.എൻ.എ.ഖാദർശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഏജൻസികൾ വഴിയുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റിലെ ചൂഷണങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വിദേശ രാജ്യങ്ങളിലേയ്ക്കുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റിന് സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്;

(സി) പ്രസ്തുത ഏജൻസികൾ റിക്രൂട്ട്മെന്റ് നടത്തുന്ന എല്ലാ വിദേശ രാജ്യങ്ങളുമായുള്ള നടപടിക്രമങ്ങൾ ഇനിയും പൂർത്തീകരിക്കാത്തത് ഈ തൊഴിൽമേഖലയെ ബാധിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് അടിയന്തര പരിഹാരം കണ്ടെത്തുമോ;

(ഡി) എമിഗ്രേഷൻ ക്ലിയറൻസ് റിക്വയേർഡ് നിയന്ത്രണം തുടരാൻ കേന്ദ്രസർക്കാർ തീരുമാനിച്ചുമൂലം പ്രതിസന്ധിയിലായ മലയാളി നഴ്സുമാരെ സഹായിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്;വ്യക്തമാക്കാമോ?

<u>പരസ്യ ബോർഡുകൾ</u>

2716. ശ്രീ.കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ്

,, സണ്ണി ജോസഫ്

,, ലൂഡി ലൂയിസ്ശ്രീ.കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ്

,, സണ്ണി ജോസഫ്

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയോരങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് നഗരകാര്യ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പദ്ധതി വഴി സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന തുകയെത്രയാണെന്നും അതിന്റെ ചുമതല ആരെയാണ് ഏല്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

<u>നഗരസഭാ ജീവനക്കാരുടെ ശമ്പളം</u>

2717. ശ്രീ.കെ.വി.അബ്ദുൾ ഖാദർശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക ഞെരുക്കം പരിഗണിച്ച് നഗരസഭാ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സർക്കാർ നൽകുന്നതിന് നടപടിയെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് എന്ന് മുതൽ നടപ്പിലാക്കും ?

<u>ആലപ്പുഴ നഗരസഭയിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി</u>

2718. ശ്രീ.ജി.സുധാകരൻശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി നടപ്പാക്കുന്നുണ്ടോ; പദ്ധതി നടത്തിപ്പിനായി കേന്ദ്ര/സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ നഗരസഭയിൽ എത്ര കുടുംബങ്ങൾ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ എത്ര കുടുംബങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിൽ നൽകി; വ്യക്തമാക്കാമോ;

(സി) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>നഗരസഭയുടെ പദ്ധതികളിൽ സാങ്കേതിക സഹായം</u>

2719. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ

,, കെ.മുരളീധരൻ

,, കെ.ശിവദാസൻ നായർശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ

,, കെ.മുരളീധരൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് പദ്ധതികളിൽ സാങ്കേതിക സഹായം നൽകുന്നതിന് കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നഗരങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം മാറ്റങ്ങളും തയ്യാറെടുപ്പുകളുമാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നടപടി നഗരസഭകളുടെ വികസന പ്രവർത്തനങ്ങളുടെ വേഗം കൂട്ടാനും കാര്യക്ഷമമാക്കാനും എത്ര മാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കാമോ;

(ഡി) കേന്ദ്രസഹായം ഫലപ്രദമായി വിനിയോഗിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## നഗരങ്ങളിലെ മാലിന്യ സംസ്കരണ കമ്പനി

2720. ശ്രീ.എ.റ്റി.ജോർജ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, പാലോട് രവി

,, വി.പി.സജീന്ദ്രൻശ്രീ.എ.റ്റി.ജോർജ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, പാലോട് രവി

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മാലിന്യ സംസ്കരണ കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താനാവുന്നതെന്ന് വ്യക്തമാക്കുമോ?

## മൊബിലിറ്റി ഹബ്ബുകൾ

2721. ശ്രീ.ജെയിംസ് മാത്യു ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും വൈറ്റില മാതൃകയിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം 2013-14 ലെ ബഡ്ജറ്റിൽ നടത്തിയിരുന്നുവോ;

(ബി) ഏതെല്ലാം ജില്ലാ തലസ്ഥാനങ്ങളിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിച്ചിട്ടുണ്ടെന്നറിയിക്കാമോ?

## അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

2722. ശ്രീ.ബി.സത്യൻശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ തൊഴിൽ ലഭ്യത ഉറപ്പാക്കിയ എത്ര കുടുംബങ്ങളുണ്ട്;

(ബി) പദ്ധതി രൂപീകരണത്തിനുശേഷം ഓരോ വർഷവും ബഡ്ജറ്റിൽ നീക്കിവെച്ച തുകയെത്ര; ചെലവഴിച്ചതെത്ര;

(സി) പണിയെടുത്ത തൊഴിലാളികൾക്ക് കുടിശ്ശികയിനത്തിൽ കൊടുത്തുതീർക്കാനുള്ള തുകയെത്രയെന്ന് പറയാമോ;

(ഡി) ഇതിനകം എത്ര തൊഴിൽദിനങ്ങൾ ഓരോ വർഷവും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്?

## നഗരസഭകളിൽ പുതിയ തസ്തിക-സർക്കാർ ജീവനക്കാരായി അംഗീകരിക്കൽ

2723. ശ്രീ.മോൻസ് ജോസഫ്ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച് അധിക ബാധ്യതയുണ്ടാകുമോ ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ ;

(ബി) പുതിയ നഗരസഭകൾ രൂപീകരിക്കുന്നതിന് ആനുപാതികമായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടി വരുമെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ ?

## പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കിയാലുള്ള ഗുണങ്ങൾ

2724. ശ്രീ.പി.ടി.എ. റഹീംശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്കു ലഭിക്കാത്ത എന്തെല്ലാം പ്രത്യേക ഗുണങ്ങളാണ് മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) മുനിസിപ്പാലിറ്റികൾക്ക് കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കുന്നതിൽ അവയുടെ വിസ്തീർണ്ണവും ജനസംഖ്യയും പരിഗണിക്കുന്നുണ്ടോ?

(സി) വിസ്തീർണ്ണവും ജനസംഖ്യയും മാനദണ്ഡമാക്കി ലഭ്യമാക്കുന്ന ഫണ്ടുകളുടെ വിശദാംശങ്ങൾ നൽകാമോ?

## മലിനജല സംസ്കരണ പ്ലാന്റുകൾ

2725. ശ്രീ.അൻവർ സാദത്ത്

,, ഹൈബി ഈഡൻ

,, വി.ഡി.സതീശൻ

,, ടി.എൻ. പ്രതാപൻശ്രീ.അൻവർ സാദത്ത്

,, ഹൈബി ഈഡൻ

,, വി.ഡി.സതീശൻ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ;എങ്കിൽ ഏത് പദ്ധതിയുടെ ഭാഗമായാണ് ആയത് നിർമ്മിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് ഏതെല്ലാം ഏജൻസികളാണ് സഹായം നൽകുന്നതെന്നും ആയത് നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

<u>കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഭേദഗതി</u>

2726. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, രാജു എബ്രഹാം

,, റ്റി.വി.രാജേഷ്

,, കെ.വി.വിജയദാസ്ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, രാജു എബ്രഹാം

,, റ്റി.വി.രാജേഷ്

,, കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) ഈയടുത്തുണ്ടായ ഭൂകമ്പ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഭേദഗതി പുന:പരിശോധിക്കാൻ തയ്യാറാകുമോ ;

(സി) കെട്ടിടത്തിന്റെ ഉയരം കൂടുന്തോറും രക്ഷാ പ്രവർത്തനം ചെയ്യുന്നതിന് ആവശ്യമായ തുറസ്സായ സ്ഥലം നിർബന്ധമായി നൽകണമെന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ തയ്യാറാകുമോ ;

(ഡി) നിലവിലുള്ള കെട്ടിടങ്ങൾക്ക് ബഹുനിലകൾ നിർമ്മിക്കുമ്പോൾ കെട്ടിടം ഉറപ്പുള്ളതാണോ എന്ന പരിശോധന നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; പ്രസ്തുത സംവിധാനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ തൃപ്തികരമായ സംവിധാനം ഒരുക്കുമോ ?

## നഗരങ്ങളിലെ വെള്ളക്കെട്ട്

2727. ശ്രീ.കെ.എന്‍.എ.ഖാദര്‍ശ്രീ.കെ.എന്‍.എ.ഖാദര്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നഗരങ്ങളില്‍ മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ട് മൂലം പൊതുജനങ്ങള്‍ക്കും മറ്റുമുണ്ടാകുന്ന ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) നഗരങ്ങളിലെ ഓടകളും മറ്റ് അഴുക്കുചാല്‍ സംവിധാനങ്ങളും കയ്യേറി നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ നടത്തുന്നത് വെള്ളക്കെട്ടിന് ഇടയാക്കുന്നുണ്ടെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) എങ്കില്‍ ഇത്തരം കയ്യേറ്റങ്ങള്‍ ഒഴിപ്പിക്കുന്നതിന് ഓപ്പറേഷന്‍ 'അനന്ത' യുടെ മാതൃകയില്‍ ഉള്ള ഒഴിപ്പിക്കല്‍ നടപടികള്‍ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ;

(ഡി) എല്ലാ പ്രധാന നഗരങ്ങളിലും വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സുസ്ഥിരവും ശാശ്വതവുമായ പരിഹാരമാര്‍ഗ്ഗങ്ങള്‍ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ ?

## ഗുരുവായൂരിനെ ദേശീയ പില്‍ഗ്രീം സിറ്റിയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി

2728. ശ്രീ.കെ.വി.അബ്ദുള്‍ ഖാദര്‍ശ്രീ.കെ.വി.അബ്ദുള്‍ ഖാദര്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഗുരുവായൂര്‍ ക്ഷേത്രനഗരത്തെ ദേശീയ പില്‍ഗ്രീം സിറ്റിയായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സര്‍ക്കാര്‍ പ്രഖ്യാപിച്ചിട്ടുള്ള ഈ പദ്ധതിയില്‍ ഗുരുവായൂരിനെ ഉള്‍പ്പെടുത്തുവാന്‍ ആവശ്യപ്പെട്ടിട്ടുണ്ടോ?

## പാര്‍ട്ട്ണര്‍ കേരള നഗരവികസന സംഗമം

2729. ശ്രീ.ഐ.സി.ബാലകൃഷ്ണന്‍
,, സി.പി.മുഹമ്മദ്
,, ഷാഫി പറമ്പില്‍
,, എം.എ. വാഹീദ്ശ്രീ.ഐ.സി.ബാലകൃഷ്ണന്‍
,, സി.പി.മുഹമ്മദ്
,, ഷാഫി പറമ്പില്‍
,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പാര്‍ട്ട്ണര്‍ കേരള നഗരവികസന സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) നഗരവികസന പദ്ധതികള്‍ക്ക് പൊതു സ്വകാര്യ പങ്കാളിത്തത്തില്‍ നിക്ഷേപകരെ തേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) ഏതെല്ലാം മേഖലകളിലുള്ള പദ്ധതികളാണ് ഇതിൽ അവതരിപ്പിക്കപ്പെടുന്നത് ; വിശദമാക്കാമോ?

## അർബൻ **2020** പദ്ധതി

2730. **ശ്രീ.പി.കെ.ബഷീർ ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം നഗരങ്ങളെയാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(ബി)

## ന്യൂനപക്ഷ ക്ഷേമപദ്ധതികൾ

2731. **ഡോ.കെ.ടി.ജലീൽഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും എത്ര പേർക്ക് ഇപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി ഓരോ വർഷവും ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക എത്രയെന്നും ചെലവാക്കിയ തുകയെത്രയെന്നും ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) സർക്കാർ സർവ്വീസിൽ 2012 ഏപ്രിൽ മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എത്ര ശതമാനം പേർക്ക് ജോലി നൽകിട്ടുണ്ട് ; വിശദാംശങ്ങൾ ജില്ലതിരിച്ച് നൽകാമോ ?

## ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര ധനസഹായം

2732. **ശ്രീ.പി.ടി.എ. റഹീംശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ ക്ഷേമത്തിനു വേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതമാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വർഷവും ഏതെല്ലാം ഇനങ്ങളിലായി എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## ആത്മ പദ്ധതി

2733. **ശ്രീ.വി.ശിവൻകുട്ടിശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ കോലിയക്കോട് പാടശേഖര സമിതിക്ക് ആത്മ പദ്ധതിയിലുൾപ്പെടുത്തി അനുവദിക്കപ്പെട്ട 12.50 ലക്ഷം രൂപ പ്രസ്തുത സമിതിക്ക് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇക്കാര്യത്തിൽ കൃഷി വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയോ അനാസ്ഥയോ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

## നീര ഉൽപാദനം

2734. ശ്രീ.എം.പി.വിൻസെൻറ്

,, വി.റ്റി.ബൽറാം

,, ഡൊമിനിക് പ്രസന്റേഷൻ

,, സി.പി.മുഹമ്മദ്ശ്രീ.എം.പി.വിൻസെൻറ്

,, വി.റ്റി.ബൽറാം

,, ഡൊമിനിക് പ്രസന്റേഷൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉൽപ്പാദിപ്പിക്കുന്നതിൽ നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നീര ഉൽപാദനത്തിനും പ്രചരണത്തിനുമായി മാതൃകാ സംരംഭങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) നീര ഉൽപാദനത്തിന് അനുയോജ്യമായ തെങ്ങുകൾ എത്ര ഇനമുണ്ടെന്നും അനുയോജ്യമായ പ്രദേശങ്ങൾ ഏതൊക്കെയെന്നും കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിവശദവിവരം നൽകാമോ ?

## നെൽ കർഷകർക്കുള്ള ആനുകൂല്യം

2735. ശ്രീ.വി.ശിവൻകുട്ടിശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നേമം കൃഷി ഭവനിലെ ഉദ്യോഗസ്ഥർ, നെൽവയലുകൾ നികത്താൻ താല്പര്യപ്പെടുന്ന ചില ഭൂവുടമകളുടെ സഹായത്തോടെ നെൽകൃഷി അട്ടിമറിക്കുന്നതായും രണ്ടാം വിള കൃഷി ചെയ്യാത്തവർക്ക് പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കാനായി ശിപാർശകൾ നൽകുന്നതായും ഉള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പരാതികളിന്മേൽ, കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ?

## പുറം ബണ്ട് നിർമ്മാണം.

2736. **ശ്രീ.മോൻസ് ജോസഫ്ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാടശേഖരങ്ങളുടെ പുറം ബണ്ട് നിർമ്മാണത്തിന് കൃഷി വകുപ്പ് ധനസഹായം നൽകുന്നുണ്ടോ;ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) പുറം ബണ്ട് നിർമ്മാണത്തിന് കൃഷി വകുപ്പ് നൽകുന്ന ധനസസഹായം എത്രയാണെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച് പുതുക്കിയ മാനദണ്ഡം നിലവിലുണ്ടോ;

(സി) കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് നൽകി വരുന്ന നഷ്ടപരിഹാരത്തിന്റെ പുതുക്കിയ നിരക്കുകൾ എത്രയാണെന്ന് അറിയിക്കാമോ; ഇതിൽ സംസ്ഥാന സർക്കാർ വഹിക്കുന്ന തുക ,കേന്ദ്ര ഗവൺമെന്റ് വഹിക്കുന്ന തുക ഇവ എത്രയെന്ന് അറിയിക്കാമോ?

## കൃഷി ഓഫീസിന് കെട്ടിടം

2737. **ശ്രീ.ആർ. രാജേഷ്ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിൽ കൃഷിഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ആവശ്യമായ തുക അനുവദിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കൃഷി വകുപ്പ് വക ഭൂമി

2738. **ശ്രീ.മുല്ലക്കര രത്നാകരൻശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ 2015 മേയ് വരെയുള്ള കാലയളവിൽ കൃഷി വകുപ്പ് വക എത്ര ഭൂമിയാണ് വിവിധാവശ്യങ്ങൾക്കായി മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഏജൻസികൾക്കുമായി വിട്ടു നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; വിശദാംശം വെളിപ്പെടുത്താമോ ?

## കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശഭൂമി.

2739. **ശ്രീ.ഇ.ചന്ദ്രശേഖരൻശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം ആകെ എത്ര ഏക്കർ ഭൂമിയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ 2006ന് ശേഷം പ്ലാന്റേഷൻ കോർപ്പറേഷൻ കൈവശ ഭൂമിയിൽ നിന്ന് എത്ര ഭൂമിയാണ് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പതിച്ചുകൊടുത്തതെന്ന് സ്ഥാപനം, വ്യക്തി,

വർഷം, പതിച്ചുകൊടുത്ത ഭൂമിയുടെ അളവ് എന്നിവയുടെ പട്ടിക ലഭ്യമാക്കാമോ ?

വാടക കെട്ടിടങ്ങളിലെ കൃഷി ഓഫീസുകൾ

2740. **ശ്രീ.കെ.കെ.ജയചന്ദ്രൻശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര കൃഷി ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം നൽകാമോ ;

(ബി) പഞ്ചായത്ത് ഓഫീസുകളോട് ചേർന്ന് കെട്ടിട സൗകര്യം ഉണ്ടായിട്ടും മറ്റു കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരം

2741. **ശ്രീ.ബി.ഡി. ദേവസ്സിശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം നടപ്പാക്കുന്നുണ്ടോ ;

(ബി) പുതുക്കിയ നിരക്കിൽ നാശനഷ്ടം കണക്കാക്കുമ്പോൾ കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരം മുൻകാലങ്ങളേക്കാൾ കുറവാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ?

നടപടി നേരിടുന്ന വ്യക്തിക്ക് കാർഷിക പദ്ധതി ആനുകൂല്യങ്ങൾ

2742. **ശ്രീ.വി.ശിവൻകുട്ടിശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ കോലിയക്കോട് പാടശേഖരത്തിൽ സ്വന്തം നിലത്തിന്റെ പകുതിയോളം നികത്തിയതിന് സബ് കളക്ടറുടെ നടപടി നേരിടുന്ന വ്യക്തിക്ക്, മുഴുവൻ സ്ഥലത്തിനും കാർഷിക പദ്ധതി ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ശുപാർശകൾ നേമം കൃഷിഭവൻ ഉദ്യോഗസ്ഥർ നൽകുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ ?

അഗ്രോ സർവ്വീസ് സെന്ററുകൾ

2743. ശ്രീ.ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, തേറമ്പിൽ രാമകൃഷ്ണൻ

,, ഷാഫി പറമ്പിൽശ്രീ.ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, തേറമ്പിൽ രാമകൃഷ്ണൻ

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് വഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇത്തരം എത്ര സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>നെൽ കർഷകർക്ക് സഹായം</u>

2744. ശ്രീ.ജി.സുധാകരൻശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) കരിനില വികസന ഏജൻസികളിലൂടെ പാടശേഖരങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; വ്യക്തമാക്കാമോ;

(സി) നെൽകർഷകർക്ക് നൽകി വന്നിരുന്ന സബ്സിഡി നിർത്തലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>ഹൈടെക് ഹരിത ഗ്രാമങ്ങൾ</u>

2745. ശ്രീമതി.കെ.കെ.ലതികശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ ജില്ലയിൽ ഒന്ന് എന്ന കണക്കിൽ 14 എണ്ണം സ്ഥാപിക്കപ്പെടുന്നതാണ് എന്ന 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് ഏതെല്ലാം ജില്ലകളിൽ എവിടെയെല്ലാം സ്ഥാപിക്കപ്പെട്ടുവെന്ന് അറിയിക്കാമോ ?

<u>കർഷക കടാശ്വാസ കമ്മീഷൻ അപേക്ഷകൾ</u>

2746. ശ്രീമതി.കെ.എസ്.സലീഖശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ കൈയിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചു ; ആയതിൽ എത്ര എണ്ണം തീർപ്പാക്കി ; ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് ; വ്യക്തമാക്കുമോ ;

(ബി) കർഷക കടാശ്വാസ കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര തുക കർഷകർക്ക് നൽകി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) കർഷകരെ സഹായിക്കുന്നതിനുപകരം അവരുടെ പ്രശ്നങ്ങൾ തീരിപ്പാക്കാതെ നീട്ടിക്കൊണ്ടുപോകുന്ന പ്രവണത തടയുവാനും കർഷകരുടെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാനുമായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) കമ്മീഷന്റെ കൈവശം ലഭിച്ച അപേക്ഷകളിന്മേൽ തീർപ്പാക്കാനുള്ളവ സമയബന്ധിതമായി അതായത് അപേക്ഷ ലഭിച്ച് മൂന്ന് മാസത്തിനകം തീർപ്പാക്കാൻ അടിയന്തര നിർദ്ദേശം നൽകേണ്ടതുണ്ടെങ്കിൽ നിയമഭേദഗതിയ്ക്ക് ഉൾപ്പെടെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>കർഷക കടാശ്വാസ കമ്മീഷൻ തീർപ്പാക്കാനുള്ള അപേക്ഷകൾ</u>

2747. **ശ്രീമതി.കെ.കെ.ലതികശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന് മുമ്പാകെ ഇപ്പോൾ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

<u>മിൽമ മാതൃകയിൽ കാർഷിക സഹകരണ സംഘങ്ങൾ.</u>

2748. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ പ്രവർത്തന മാതൃകയിൽ കാർഷികോത്പന്നങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനപ്രദമാകും വിധം വിപണനം നടത്തുന്നതിന് വികസന ബ്ലോക്ക് തോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്ന 2014-15ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ;

(ബി) എത്ര വികസന ബ്ലോക്കുകളിൽ ഇത്തരത്തിൽ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങളാണ് ഈ സംഘങ്ങൾ മുഖേന സംഭരണം ചെയ്തിട്ടുള്ളത് ?

<u>അടയ്ക്ക കർഷക സംരക്ഷണ പാക്കേജ്</u>

2749. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12-ലെ ബജറ്റിലും 2014-15-ലെ ബജറ്റിലും കാസർകോഡ് ജില്ലയിലെ അടയ്ക്ക കർഷകരെ സംരക്ഷിക്കുന്നതിനായി പാക്കേജ് പ്രഖ്യാപിച്ചിരുന്നുവോ ; എങ്കിൽ ആയത് നടപ്പാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പാക്കേജ് പ്രകാരം എത്ര തുക വീതം ചെലവഴിക്കപ്പെട്ടുവെന്നറിയിക്കാമോ ?

## സോയിൽ ഹെൽത്ത് കാർഡ്

2750. ശ്രീ.വർക്കല കഹാർ

,, കെ.അച്ചുതൻ

,, വി.റ്റി.ബൽറാം

,, വി.പി.സജീന്ദ്രൻശ്രീ.വർക്കല കഹാർ

,, കെ.അച്ചുതൻ

,, വി.റ്റി.ബൽറാം

,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത കാർഡുകളിൽ എന്തെല്ലാം വിവരങ്ങളാണ് രേഖപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

## സംയോജിത കൃഷിത്തോട്ടം പദ്ധതി

2751. ശ്രീ.ജെയിംസ് മാത്യു ശ്രീ.ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത കൃഷിത്തോട്ട പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും 10 കൃഷിത്തോട്ടം എന്ന കണക്കിൽ 10000 കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുമെന്ന 2013-14 വർഷത്തെ ബഡ്ജറ്റിലെ സംസ്ഥാന പതാക നൗക പരിപാടിയിൽപ്പെടുത്തി നടത്തിയ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പഞ്ചായത്തുകളിൽ ഇത്തരത്തിൽ കൃഷിത്തോട്ടം സ്ഥാപിക്കപ്പെട്ടു ;

(സി) എത്ര കൃഷിത്തോട്ടങ്ങൾ സംസ്ഥാനത്തൊട്ടാകെ സ്ഥാപിക്കപ്പെട്ടുവെന്നറിയിക്കാമോ ?

## റബ്ബർ വിലയിടിവുമൂലം കർഷകആത്മഹത്യ

2752. ശ്രീ.കെ.കുഞ്ഞിരാമൻ **(**ഉദുമ**)**ശ്രീ.കെ.കുഞ്ഞിരാമൻ **(**ഉദുമ**) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം കടക്കെണിയിലായ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇവരുടെ കുടുംബത്തിന് എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഏത് വർഷം മുതലാണ് വിപണിയിൽ റബ്ബറിന് വിലയിടിഞ്ഞത് ;

(ഡി) ഇതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

## ഇടുക്കി, കുട്ടനാട് പാക്കേജ്

T 2753. **ശ്രീ.പി.സി. ജോർജ്ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ ഏതു ഘട്ടം വരെയായിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഈ പാക്കേജിന്റെ ലക്ഷ്യം എന്താണ് ; ഇതിന്റെ ഗുണഭോക്താക്കളെ ഏതു മാനദണ്ഡത്തിലാണ് നിശ്ചയിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി സർക്കാർ എത്ര തുക നീക്കിവച്ചിട്ടുണ്ട് ;

(ഡി) ഈ പാക്കേജിൽ കേന്ദ്ര സഹായം ലഭിക്കുമോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

## കാർഷിക വിപണന കേന്ദ്രങ്ങൾ

2754. **ശ്രീ.ബി.സത്യൻശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത സേവന വിതരണത്തിന്റെ ഭാഗമായി, തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്ര സഹായത്തോടെ കാർഷിക വിപണന കേന്ദ്രങ്ങൾ (Malls) സ്ഥാപിക്കുമെന്ന 2014-15 ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്ന വിവരം നൽകാമോ ?

## കാർഷിക ഇൻഷ്വറൻസ്

2755. **ശ്രീ.എ.കെ.ബാലൻശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കാർഷിക ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളിലൂടെ കഴിഞ്ഞ 4 വർഷം എത്ര കർഷകർക്ക് സാമ്പത്തിക സഹായം ലഭിച്ചു; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര രൂപയുടെ സാമ്പത്തിക സഹായം കഴിഞ്ഞ നാലു വർഷം ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## നെൽകൃഷി

2756. ശ്രീ.രാജു എബ്രഹാംശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടറിൽ നെൽകൃഷി ഉണ്ടായിരുന്നു ; ഇപ്പോൾ എത്ര ഹെക്ടറിൽ നെൽകൃഷി ഉണ്ടെന്ന് പറയാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തരിശ്ശായി കിടന്ന എത്ര ഹെക്ടർ ഭൂമിയിലാണ് കൃഷി പുനരാരംഭിച്ചത് ; ഇതു വഴി എത്ര ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു എന്ന് പറയാമോ;

(സി) കൃഷി നാശം സംഭവിച്ച എത്ര കർഷകർക്ക് എത്ര രൂപ വീതം കഴിഞ്ഞ വർഷം നഷ്ടപരിഹാരം നൽകി എന്നു പറയാമോ?

## പാലക്കാട് ജില്ലയിലെ ജൈവ പച്ചക്കറി കൃഷി .

2757. ശ്രീ.എം.ചന്ദ്രൻശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഗ്രോ ബാഗുകളുടെ വിതരണം ഈ വർഷം ഏതെല്ലാം കൃഷി ഭവനുകളിലാണ് നടപ്പിലാക്കുന്നത്;

(സി) ഇതിന് എത്ര രൂപയാണ് കർഷകരിൽ നിന്നും ഈടാക്കുന്നത്; സബ്സിഡി തുക എത്രയാണ്?

## കുട്ടനാട്, ഇടുക്കി പാക്കേജുകൾ .

T 2758. ശ്രീ.എ. കെ. ശശീന്ദ്രൻ

**,,** തോമസ് ചാണ്ടിശ്രീ.എ. കെ. ശശീന്ദ്രൻ

**,,** തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്, ഇടുക്കി പാക്കേജുകൾ കേന്ദ്ര സർക്കാർ എന്നാണ് അനുവദിച്ചത് ; ഇതിനാവശ്യമായ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ ;പ്രസ്തുത പാക്കേജുകളുടെ മേൽനോട്ടം വഹിക്കുന്ന പ്രത്യേക ഓഫീസ് നിർത്തലാക്കണമെന്ന് കൃഷി വകുപ്പ് ഡയറക്ടർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) കാർഷിക മേഖലയ്ക്ക് കോടികളുടെ ധനസഹായം ലഭിക്കുന്ന പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് വിശദപദ്ധതി റിപ്പോർട്ടുകൾ സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാക്കേജുകളുടെ മേൽനോട്ടം വഹിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) തണ്ണീർമുക്കം ബണ്ട് നവീകരണം, കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം എന്നിവയുടെ പുരോഗതി വിലയിരുത്താമോ ?

<u>തെങ്ങുകൃഷി പ്രോത്സാഹനം</u>

2759. ശ്രീ.രാജു എബ്രഹാംശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേടായ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നട്ടുപിടിപ്പിക്കുന്ന പദ്ധതിയിലൂടെ എത്ര തെങ്ങുകൾ കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്; കേടായ തെങ്ങ് വെട്ടിമാറ്റുന്നതിന് കർഷകർക്ക് നൽകുന്ന തുക എത്രയാണ് ;

(ബി) തെങ്ങു കയറ്റക്കാരുടെ കുറവുമൂലം കർഷകർ തെങ്ങു കൃഷിയിൽ നിന്നും പിന്മാറുന്ന സാഹചര്യത്തിൽ തെങ്ങുകയറ്റക്കാരുടെ അഭാവം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>കാഞ്ഞങ്ങാട് കാർഷിക മേഖലയുടെ അടിസ്ഥാന വികസനം</u>

2760. ശ്രീ.ഇ.ചന്ദ്രശേഖരൻശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയുടെ അടിസ്ഥാന വികസനം സാധ്യമാക്കുന്നതിനായി എം.എൽ.എ യുടെ നിർദ്ദേശപ്രകാരം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>മട്ടുപ്പാവ് കൃഷി</u>

2761. ശ്രീ.കെ.വി.വിജയദാസ്ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലും ഗ്രാമങ്ങളിലും ജൈവകൃഷിയുമായി ബന്ധപ്പെടുത്തി മട്ടുപ്പാവ് കൃഷിയ്ക്ക് പുതിയ രൂപരേഖ തയ്യാറാക്കുമോ ;

(ബി) ഇതിലേയ്ക്കായി തുടർച്ചയായ മേൽനോട്ടത്തിന് കൃഷിഭവനുകൾക്ക് കീഴിൽ കൂടുതൽ കൃഷി അസിസ്റ്റന്റുമാരെ നിയമിക്കുമോ ?

<u>കോലിയക്കോട് ഏലായിലെ നെൽകൃഷി</u>

2762. ശ്രീ.വി.ശിവൻകുട്ടിശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പനംകോട് നേമം നിയോജക മണ്ഡലത്തിലെ കോലിയക്കോട് ഏലായിൽ നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നു വിശദമാക്കാമോ ;

(ബി) കഴിഞ്ഞ സീസണിനെക്കാൾ എത്ര കൂടുതൽ വിസ്തൃതിയിലേക്ക് നെൽകൃഷി വ്യാപിപ്പിക്കാൻ ഈ സീസണിൽ സാധിച്ചിട്ടുണ്ട് എന്നും ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും വിശദമാക്കുമോ ?

<u>ജൈവകാർഷിക മണ്ഡലം പദ്ധതി</u>

2763. ശ്രീ.എം.എ. വാഹീദ്

,, പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻശ്രീ.എം.എ. വാഹീദ്

,, പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ കാർഷിക സംസ്ഥാനമാക്കുവാനായി ജൈവകാർഷിക മണ്ഡലം എന്ന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ ?

(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ജൈവകാർഷിക മണ്ഡലം എന്ന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ?

<u>കൊയ്ത്തുമെതി യന്ത്രങ്ങൾ .</u>

2764. ശ്രീ.ജി.സുധാകരൻശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ നെൽകർഷകർക്ക് കൊയ്ത്തുമെതിയന്ത്രങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയ്ക്ക് എത്ര കൊയ്ത്തുമെതിയന്ത്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്; ഈ യന്ത്രങ്ങളുടെ ഉടമസ്ഥാവകാശവും സംരക്ഷണവും ഏത് ഏജൻസിക്കാണ്; വ്യക്തമാക്കാമോ;

(സി) എന്തു മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിലാണ് പാടശേഖര സമിതികൾക്ക് കൊയ്ത്ത് മെതിയന്ത്രങ്ങൾ നൽകുന്നത്;

(ഡി) കൊയ്ത്തുമെതിയന്ത്രങ്ങൾക്ക് ജി.പി.എസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ആലപ്പുഴയിലെ പാടശേഖരങ്ങൾക്ക് അനുയോജ്യമായ കൊയ്ത്തുമെതിയന്ത്രങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കൊയ്ത്തു സീസണിൽ കൊയ്ത്തുമെതിയന്ത്രങ്ങൾ വാടകയ്ക്ക് എടുക്കാറുണ്ടോ; ഏത് ഏജൻസികളാണ് യന്ത്രങ്ങൾ വാടകയ്ക്ക് എടുത്ത് കർഷകർക്ക് നൽകുന്നത്;

വിശദമാക്കാമോ;

(ജി) സീസണുകളിൽ അന്യജില്ലകളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊയ്ത്തുമെതി യന്ത്രങ്ങൾ എത്തിച്ച് സ്വകാര്യ വ്യക്തികൾ കർഷകരിൽ നിന്നും വൻ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>വേനൽമഴയിൽ ഉണ്ടായിട്ടുള്ള കൃഷിനാശം</u>

2765. ശ്രീ.എ.കെ.ബാലൻ

,, കെ.കെ.നാരായണൻ

,, സി.കെ സദാശിവൻ

,, സാജു പോൾശ്രീ.എ.കെ.ബാലൻ

,, കെ.കെ.നാരായണൻ

,, സി.കെ സദാശിവൻ

,, സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ വേനൽമഴയിൽ നെൽകർഷകർ ഉൾപ്പെടെയുള്ള കർഷകർക്ക് ഉണ്ടായിട്ടുള്ള കൃഷിനാശം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) കൃഷിനാശം സംഭവിച്ചവർക്ക് എന്തെങ്കിലും സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിൽ കൃഷിനാശം സംഭവിച്ചതിന് ഏതെല്ലാം അവസരങ്ങളിൽ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട് ;

(ഡി) ഇവ പൂർണ്ണമായും വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

<u>നെൽകൃഷിയിൽ നൂതന മാതൃക</u>

2766. ശ്രീ.കെ.എൻ.എ.ഖാദർശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരനെൽകൃഷിയും ഗ്രോബാഗുകളിലെ നെൽകൃഷിയും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വീട്ടുവളപ്പിലും ഗ്രോബാഗുകളിലുമുള്ള നെൽകൃഷി വ്യാപിപ്പിക്കുന്നത് ഭക്ഷ്യസുരക്ഷയ്ക്ക് സഹായകരമാകുമെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വിഷമുക്തമായ ധാന്യം, പച്ചക്കറികൾ എന്നിവയുടെ ഉത്പാദനവും ഭക്ഷ്യസുരക്ഷയും മുൻനിർത്തി ഇത്തരം ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ സർക്കാർ സഹായം നൽകുന്നതിന് തയ്യാറാകുമോ?

## കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച നയം

2767. **ശ്രീ.എ.കെ.ബാലൻശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച നയം രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ;

(ബി) കാർഷിക മേഖലയിൽ കീടനാശിനികൾ ഉപയോഗിക്കുന്നത് മൂലമുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇവ മനുഷ്യന് ദോഷകരമാകുന്ന തരത്തിൽ ഉപയോഗിക്കുന്നത് തടയാൻ സംവിധാനമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ഡി) ജൈവകീടനാശിനികളുടെ ഉപയോഗം ഒരു നയമായി സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ ;

(ഇ) ജൈവ കീടനാശിനികളുടെ ഉല്പാദനം, വിതരണം, ഉപയോഗം എന്നിവയ്ക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## നാളികേരത്തിന്റെ ഉല്പാദനം

2768. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**,, കെ.കുഞ്ഞിരാമൻ (ഉദുമ)**

**,, പി.ടി.എ. റഹീം**

**,, എം.ചന്ദ്രൻശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**,, കെ.കുഞ്ഞിരാമൻ (ഉദുമ)**

**,, പി.ടി.എ. റഹീം**

**,, എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞുവരുന്നതായ സർവ്വേ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; ഉല്പാദനം കുറഞ്ഞതിന് ഉണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) നാളികേര വികസനത്തിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം ബജറ്റിലൂടെ പ്രഖ്യാപിച്ച വിവിധ പദ്ധതികൾ ഏതൊക്കെയാണ് ; ഇതിൽ ഏതൊക്കെ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പദ്ധതികൾ നടപ്പാക്കിയിട്ടും ഉല്പാദനം കുറയുവാനിടയായതിന്റെ കാരണം പരിശോധിക്കുമോ ?

## കർഷകർക്കുള്ള നഷ്ടപരിഹാരം

2769. ശ്രീ.രാജു എബ്രഹാം
ശ്രീമതി.കെ.എസ്.സലീഖ
,, കെ.കെ.ലതിക
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)ശ്രീ.രാജു എബ്രഹാം
ശ്രീമതി.കെ.എസ്.സലീഖ
,, കെ.കെ.ലതിക
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്കുള്ള നഷ്ടപരിഹാര- ത്തുകയിൽ വെട്ടിക്കുറവ് വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നടപടി കൃഷിക്കാരുടെ ആത്മവിശ്വാസം കെടുത്തുന്നതാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;;

(സി) പ്രസ്തുത വിഷയം ഉന്നയിച്ച് കർഷകർ പ്രക്ഷോഭത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഹോർട്ടികോർപ്പിലെ ദിവസവേതനക്കാർ</u>

2770. ശ്രീ.വി.ശശിശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിൽ ദിവസവേതനക്കാരായി എത്ര പേർ ജോലിചെയ്യുന്നുണ്ട്; ഇതിൽ പ്രായപരിധി കഴിഞ്ഞവരും സർവ്വീസ് കൂടുതലുള്ളതുമായ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ദീർഘ നാളത്തെ സർവ്വീസ് ഉണ്ടായിരുന്നിട്ടും ഇത്തരം ജീവനക്കാർക്ക് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ദിവസവേതനക്കാരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സ്ഥിരം ജീവനക്കാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ മാനേജ്മെന്റും യൂണിയൻ പ്രതിനിധികളും തമ്മിലുണ്ടാക്കിയിട്ടുള്ള ധാരണ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഹോർട്ടികോർപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) ഹോർട്ടികോർപ്പിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഹോർട്ടി കോർപ്പിൽ പല ജില്ലകളിലായി എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

<u>കേരള കാർഷിക സർവ്വകലാശാല കൈമാറിയ ഭൂമി</u>

2771. **ശ്രീ.മുല്ലക്കര രത്നാകരൻശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസം മുതൽ 2015മേയ് മാസം വരെയുള്ള കാലത്ത് കേരള കാർഷിക സർവ്വകലാശാലയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന എത്ര ഭൂമിയാണ് വിവിധ ആവശ്യങ്ങൾക്കായി മറ്റു വകുപ്പുകൾക്കും ഏജൻസികൾക്കുമായി കൈമാറിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;വിശദാംശങ്ങൾ നൽകാമോ?

ആധുനിക മാംസ സംസ്കരണ ഫാക്ടറി

2772. **ശ്രീ.ബി.ഡി. ദേവസ്സിശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പിരയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. വക സ്ഥലത്ത് ആധുനിക മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഫാക്ടറി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(സി) എങ്കിൽ അവ നീക്കി ഫാക്ടറി നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

കോടശ്ശേരി - പരിയാരം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം

2773. **ശ്രീ.ബി.ഡി. ദേവസ്സിശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. (മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ ) വക സ്ഥലത്ത് നിന്ന്, കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതിയ്ക്കായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനു സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇതിനായി സ്ഥലം വിട്ടുനൽകുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

വെറ്ററിനറി സർജൻമാരുടെ ഒഴിവുകൾ

2774. **ശ്രീ.ഇ.ചന്ദ്രശേഖരൻശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എത്ര വെറ്ററിനറി ഡിസ്പൻസറികളിലും ആശുപത്രികളിലുമാണ് സർജൻമാരുടെ ഒഴിവുകൾ ഉള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇവിടെ വെറ്ററിനറി സർജൻമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## കാഞ്ഞങ്ങാട് വെറ്ററിനറി പോളി ക്ലിനിക്

2775. ശ്രീ.ഇ.ചന്ദ്രശേഖരൻശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വെറ്ററിനറി പോളി ക്ലിനിക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രവൃത്തിക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും എന്നു പൂർത്തിയാകുമെന്നും വിശദമാക്കാമോ ?

## മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കാൻ നടപടി

2776. ശ്രീ.ജി.സുധാകരൻശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയിൽ 2011-2015 കാലഘട്ടത്തിൽ ജോലി ചെയ്ത ഡോക്ടർമാരുടെ പേരും കാലയളവും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലഘട്ടത്തിൽ ഡോക്ടർമാർ ഇല്ലാതിരുന്ന കാലയളവ് വ്യക്തമാക്കാമോ;

(സി) നിലവിൽ ഇവിടെ ഡോക്ടർ ജോലി ചെയ്യുന്നുണ്ടോ ;

(ഡി) 2011-15 കാലഘട്ടത്തിൽ ഇവിടെ നിയമിച്ച ഡോക്ടർമാർ ഏതെല്ലാം കാലയളവിൽ അവധിയിൽ പ്രവേശിച്ചിരുന്നു; വിശദാംശം നൽകുമോ?

(ഇ) മൃഗാശുപത്രി നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് കത്തോ അപേക്ഷയോ നൽകിയിരുന്നോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(എഫ്) മൃഗാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## സബ് ട്രഷറി നിർമ്മാണത്തിന് സ്ഥലലഭ്യത

2777. ശ്രീ.മോൻസ് ജോസഫ്ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിന് കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് വക സ്ഥലം വിട്ടു നൽകുന്നതിന് സമർപ്പിച്ച നിവേദനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ; പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ; ഇതിന്റെ ഫയൽ നമ്പർ അറിയിക്കാമോ?

പെരുവ ഗവ: ഐ.ടി.ഐ.ക്ക് സ്ഥലം

2778. ശ്രീ.മോൻസ് ജോസഫ്ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പെരുവ ഗവ: ഐ.ടി.ഐ.ക്ക് മുളക്കുളം പഞ്ചായത്ത് വക സ്ഥലം വിട്ടു നൽകുന്നതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നതു സംബന്ധിച്ച കാലതാമസം വ്യക്തമാക്കുമോ ; പ്രസ്തുത ഫയലിൽ തീരുമാനം വൈകുന്നതിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ.ക്ക് ഈ വർഷം കോഴ് സുകൾ ആരംഭിക്കാതെ പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ഫയൽ നം: 80998/ആർഐ4/2014 ൽ തീരുമാനമെടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം

2779. ശ്രീ.എളമരം കരീം
,, വി.ശിവൻകുട്ടി
,, ജി.സുധാകരൻ
,, സാജു പോൾശ്രീ.എളമരം കരീം
,, വി.ശിവൻകുട്ടി
,, ജി.സുധാകരൻ
,, സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ രൂപീകരിവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച് വിശദമാക്കാമോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ മാത്രം ഉണ്ടാകുന്ന ബാദ്ധ്യത സംബന്ധിച്ച് വ്യക്തമാക്കാമോ;

(ഡി) പുതിയ തദ്ദേശസ്ഥാപനങ്ങളുടെ വിഭജന പ്രക്രിയ ഏത് ഘട്ടംവരെയായി എന്നും; എന്ന് മുതൽ നിലവിൽ വരും എന്നത് സംബന്ധിച്ചും വിശദമാക്കാമോ ;

(ഇ) പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണത്തിലെ അശാസ്ത്രീയതയെ കുറിച്ചുള്ള പരാതി പരിഹരിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

യുവതീ-യുവാക്കൾക്ക് തൊഴിൽ കുടുംബശ്രീ

2780. ശ്രീ.വർക്കല കഹാർ

,, അൻവർ സാദത്ത്

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർശ്രീ.വർക്കല കഹാർ

,, അൻവർ സാദത്ത്

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവതീ-യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിക്ക് കുടുംബശ്രീ ഉടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ ?

<u>അധികാര വികേന്ദ്രീകരണം</u>

2781. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.ബി.സത്യൻ

,, ബി.ഡി. ദേവസ്സി

,, കെ. ദാസൻഡോ.ടി.എം.തോമസ് ഐസക്

ശ്രീ.ബി.സത്യൻ

,, ബി.ഡി. ദേവസ്സി

,, കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ നേട്ടങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിൽ ഗ്രാമസഭകൾക്കുള്ള പങ്ക് നിസ്തുലമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാല് വർഷത്തെ ഗ്രാമസഭകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനം എത്രത്തോളം തൃപ്തികരമാണ്;

(സി) അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കുന്ന വിധം ഗ്രാമ സഭകളെ സജ്ജമാക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികളുടെ പ്രതിഫലനം ഗ്രാമസഭകളുടെ പ്രവർത്തനത്തിൽ ദൃശ്യമാകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>മാലിന്യ സംസ്കരണ പ്ലാന്റ്</u>

2782. ശ്രീ.രാജു എബ്രഹാംശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശുചിത്വമിഷൻ വഴി എത്ര പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിനായി ആകെ എത്ര രൂപ ചെലവഴിച്ചു;

(ബി) പ്രസ്തുത മാലിന്യ സംസ്കരണ പ്ലാന്റുകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തന സജ്ജമായി ഉണ്ട്; ബാക്കിയുള്ളവയുടെ പ്രവർത്തനം നിലയ്ക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) മാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്;മാലിന്യ സംസ്കരണം നടപ്പാക്കാത്തതിന്ന് പ്രസ്തുത പഞ്ചായത്തുകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ എന്ന് വിശദമാക്കാമോ ;

(ഡി) മാലിന്യ സംസ്കരണത്തിന് എല്ലാ പഞ്ചായത്തുകളേയും മുന്നിട്ടിറക്കുന്ന എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് ഇതിലൂടെ നടപ്പാക്കുക എന്ന് വിശദമാക്കാമോ?

<u>തദ്ദേശഭരണ സ്ഥാപനങ്ങൾ നല്കാനുള്ള കുടിശ്ശിക.</u>

2783. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കെ.കെ.ജയചന്ദ്രൻ
,, കെ.കുഞ്ഞമ്മത് മാസ്റ്റർ ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കെ.കെ.ജയചന്ദ്രൻ
,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവൃത്തികൾ നടത്തിയ ഇനത്തിൽ നൽകേണ്ടുന്ന തുകയുടെ വിതരണത്തിൽ കുടിശ്ശികയുണ്ടോ; കണക്ക് ലഭ്യമാണോ;

(ബി) ട്രഷറിയിൽ നിന്ന് ഫണ്ട് നൽകാത്തതിനാലാണ് വിതരണത്തിൽ കുടിശ്ശിക വന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യമായ ഫണ്ട് ലഭ്യമാകാത്തതിനെ തുടർന്ന് ഭവനനിർമ്മാണ പദ്ധതികൾ ഉൾപ്പെടെയുള്ള പഞ്ചായത്തുകളുടെ വികസന പദ്ധതികളെല്ലാം സ്തംഭിച്ചിരിക്കുന്ന അവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഗ്രാമയാത്രാ പദ്ധതി</u>

2784. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, പി.എ.മാധവൻ
,, ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻശ്രീ.ജോസഫ് വാഴയ്ക്കൻ

,, പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമയാത്രാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദീകരിക്കാമോ ;

(സി) എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ശേഷിക്കുന്ന പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നല്കുമോ ?

<u>ശുചിത്വകേരളം പദ്ധതി</u>

2785. ശ്രീ.ബെന്നി ബെഹനാൻ

,, ഹൈബി ഈഡൻ

,, വി.ഡി.സതീശൻ

,, എം.പി.വിൻസെൻറ്ശ്രീ.ബെന്നി ബെഹനാൻ

,, ഹൈബി ഈഡൻ

,, വി.ഡി.സതീശൻ

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ആവിഷ്കരിച്ചിട്ടുള്ളത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>താൽക്കാലിക ഡ്രൈവർമാരെ സ്ഥിരപ്പെടുത്തൽ</u>

2786. ശ്രീ.കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**)**ശ്രീ.കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പഞ്ചായത്തുകളിൽ 10 വർഷത്തിലധികം സേവനം പൂർത്തിയാക്കിയ താൽക്കാലിക ഡ്രൈവർമാർ എത്ര പേർ ഉണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) 10 വർഷത്തിലധികം സേവനം പൂർത്തിയാക്കിയ ഡ്രൈവർമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## ശുചിത്വഗ്രാമം പദ്ധതി

2787. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, അൻവർ സാദത്ത്

,, ഷാഫി പറമ്പിൽ

,, എം.എ. വാഹീദ്ശ്രീ.ജോസഫ് വാഴയ്ക്കൻ

,, അൻവർ സാദത്ത്

,, ഷാഫി പറമ്പിൽ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ശുചിത്വഗ്രാമം പദ്ധതി ആര് മുഖേനയാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## പൗരസേവനങ്ങൾ വിരൽത്തുമ്പിൽ

2788. ശ്രീ.സണ്ണി ജോസഫ്

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, ആർ . സെൽവരാജ്ശ്രീ.സണ്ണി ജോസഫ്

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പൗരസേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം സാങ്കേതിക വിദ്യകളാണ് പ്രയോജനപ്പെടുത്തുന്നത് ;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത പദ്ധതി വഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

2789. ശ്രീ.എ.കെ.ബാലൻശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാം ; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനുള്ള കേന്ദ്ര സഹായം എപ്രകാരമാണ്; ഓരോ വർഷവും എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു;

(ഡി) പ്രസ്തുതപദ്ധതികളിൽ സംസ്ഥാന വിഹിതം ഉണ്ടോ;എങ്കിൽ ഓരോ വർഷവും നീക്കി വച്ചതുക എത്ര ; എത്ര തുക ചെലവഴിച്ചു?

ചെറുകുളത്തൂർ പഞ്ചായത്ത്

2790. ശ്രീ.പി.ടി.എ. റഹീംശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെറുകുളത്തൂർ പഞ്ചായത്ത് രൂപീകരിക്കാനുള്ള തീരുമാനം സാമുദായിക ധ്രുവീകരണത്തിനു ഇടയാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ .വിശദമാക്കാമോ ?

കളിസ്ഥലങ്ങളിൽ ഡ്രൈവിംഗ് പരിശീലനം തടയാൻ നടപടി

2791. ശ്രീ.കെ.കെ.ജയചന്ദ്രൻശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിനു കീഴിലുള്ള കളിസ്ഥലങ്ങളിൽ ഡ്രൈവിംഗ് സ്കൂളുകൾ പരിശീലനം നൽകുന്നത് അനുവദിച്ചിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥികളും, യുവാക്കളും മറ്റും കായിക പരിശീലനത്തിലും കളികളിലും ഏർപ്പെടുന്ന സമയത്ത് കളിസ്ഥലങ്ങളിൽ ഡ്രൈവിംഗ് സ്കൂളുകൾ ഡ്രൈവിംഗ് പരിശീലനം നൽകുന്നത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കളിസ്ഥലങ്ങളിൽ ഡ്രൈവിംഗ് പരിശീലനം തടഞ്ഞുകൊണ്ട് ബോർഡ് വച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനു നടപടി സ്വീകരിക്കുമോ ;

(ഡി) കുട്ടികൾക്ക് സുഗമമായി കളിക്കുന്നതിന് കളിസ്ഥലങ്ങളിൽ ഡ്രൈവിംഗ് പരിശീലനം നൽകുന്നില്ല എന്ന് ഉറപ്പ് വരുത്താനുള്ള ചുമതല പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകുമോ ?

കേന്ദ്രാവിഷ്കൃത പദ്ധതികൾ

2792. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2014-15 വർഷത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം എപ്രകാരമായിരുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>പഞ്ചായത്തുകളുടെ പ്രവർത്തനം</u>

2793. ശ്രീ.സാജു പോൾശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പഞ്ചായത്തുകളിൽ സ്ഥിരം ജീവനക്കാരുടെ അഭാവം ഉണ്ടാകുന്നുണ്ടോ ;

(സി) ഡ്രൈവർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്തുന്ന എത്ര പഞ്ചായത്തുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ; മറ്റ് പഞ്ചായത്തുകളിൽ തസ്തിക സൃഷ്ടിച്ച് പി.എസ്.സി.ക്ക് വിടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ഡി) പഞ്ചായത്ത് വകുപ്പിൽ ആകെ എത്ര വാഹനങ്ങൾ ഉണ്ടെന്നും സ്ഥിരം, താൽക്കാലിക ഡ്രൈവർമാരുടെ എണ്ണം എത്രയെന്നും ജില്ല തിരിച്ച് അറിയിക്കുമോ ?

<u>ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി തസ്തിക</u>

2794. ശ്രീ.കെ.എൻ.എ.ഖാദർശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട്;

(ബി) പ്രസ്തുത തസ്തികയുടെ അഭാവം ഈ പഞ്ചായത്തുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ തസ്തിക നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>കരാറുകാർക്കുള്ള കുടിശ്ശിക</u>

2795. ശ്രീ.എസ്.ശർമ്മ
,, എസ്.രാജേന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
,, എം. ഹംസശ്രീ.എസ്.ശർമ്മ
,, എസ്.രാജേന്ദ്രൻ
,, ബാബു എം. പാലിശ്ശേരി

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾ കരാറുകാർക്ക് നല്കാനുള്ള ആകെ കുടിശ്ശിക സംബന്ധിച്ച് വിശദമാക്കാമോ;

(ബി) കോർപ്പറേഷനുകൾ, നഗരസഭകൾ, പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ കരാറുകാരുടെ കണക്കും അവരുടെ കുടിശ്ശികയും വെവ്വേറെ ലഭ്യമാക്കാമോ;

(സി) അടുത്ത ഭരണസമിതിയുടെ ചുമലിലേക്ക് കുടിശ്ശിക ഭാരം വയ്ക്കാനുള്ള നീക്കമാണ് നടക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(ഡി) സർക്കാർ കരാറുകാരുടെ എണ്ണവും അവരുടെ ആകെ കുടിശ്ശിക സംബന്ധിച്ച കണക്കും വിശദമാക്കാമോ?

<u>തെരുവുനായ്ക്കളുടെ ശല്യം</u>

2796. ശ്രീ.രാജു എബ്രഹാംശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെയും പേപ്പട്ടികളുടെയും എണ്ണം വർദ്ധിച്ചുവരുന്നത് ജനജീവിതത്തിന് ഭീഷണിയാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര പേർ ഇത്തരത്തിൽ ആക്രമണത്തിന് വിധേയരായി എന്നു അറിയിക്കാമോ ;

(ബി) തെരുവുനായ്ക്കളുടെ ശല്യം അകറ്റാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) തെരുവുനായ്ക്കൾ പെരുകുന്നത് ഒഴിവാക്കാൻ നായ്ക്കൾക്ക് വന്ധ്യംകരണ ശസ്ത്രക്രിയ ഏതൊക്കെ ജില്ലകളിൽ നടപ്പാക്കി ; എത്ര നായ്ക്കൾക്ക് ഇത്തരത്തിതൽ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട് ; ഈ പ്രവൃത്തികളിലൂടെ തെരുവുനായ്ക്കൾ പെരുകുന്നത് തടയാനായിട്ടുണ്ടോ ?

<u>ഗ്രാമപഞ്ചായത്തുകളുടെ നികുതി പിരിവ്</u>

2797. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ നികുതി പിരിവിലെ കാര്യക്ഷമത കുറവ് സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(ബി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>ഗ്രാമപഞ്ചായത്തുകളുടെ ശാക്തീകരണം</u>

2798. ശ്രീ.കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ്

,, ടി.എൻ. പ്രതാപൻ

,, വർക്കല കഹാർശ്രീ.കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ്

,, ടി.എൻ. പ്രതാപൻ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം വികസിപ്പിച്ചെടുത്തിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ തസ്തിക ഏകീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഗ്രാമപഞ്ചായത്തുകളെ പൂർണ്ണതോതിൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>കടത്തിക്കൊണ്ടുവരുന്ന കുട്ടികൾ</u>

2799. ശ്രീ.സി.ദിവാകരൻ

,, കെ.രാജു

,, ഇ.കെ.വിജയൻ

ശ്രീമതി.ഗീതാ ഗോപി ശ്രീ.സി.ദിവാകരൻ

,, കെ.രാജു

,, ഇ.കെ.വിജയൻ

ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ രേഖകൾ ഇല്ലാതെ കുട്ടികളെ കടത്തിക്കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ എത്ര കുട്ടികളെയാണ് കടത്തിക്കൊണ്ടുവന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്താവശ്യത്തിനുവേണ്ടിയാണ് കുട്ടികളെ ഇപ്രകാരം കടത്തിക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കടത്തിക്കൊണ്ടുവരുന്ന കുട്ടികളെ ചൈൽഡ് ലൈൻ പ്രവർത്തകർ ഏറ്റെടുക്കാറുണ്ടോ ; ഇവരെ തിരിച്ച് രക്ഷാകർത്താക്കളെ ഏല്പിക്കാറുണ്ടോ ?

<u>വനിതാ ഹോസ്റ്റലുകളുടെ പ്രവർത്തനം</u>

2800. ശ്രീമതി.കെ.കെ.ലതികശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എത്ര വനിതാ ഹോസ്റ്റലുകളുണ്ട് ; ഏതെല്ലാം ; പ്രസ്തുത ഹോസ്റ്റലുകൾക്ക് 2011-12 സാമ്പത്തിക വർഷം മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിൽ ഗ്രാന്റ് നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; ഗ്രാന്റ് തുക എത്രയാണ് ;

(ബി) ഈ കാലയളവിൽ ഗ്രാന്റ് ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക എത്ര ; ചെലവഴിച്ചത് എത്ര ;

(സി) സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ ; അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വനിതാ ഷോർട്ട് സ്റ്റേകൾ, വർക്കിങ് വിമൻസ് ഹോസ്റ്റലുകൾ എന്നിവയ്ക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) വനിതാ ഹോസ്റ്റലുകളിലെ പ്രശ്നങ്ങളെക്കുറിച്ച് വന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

## കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ

2801. ശ്രീ.കെ.രാധാകൃഷ്ണൻ
,, എം.ചന്ദ്രൻ
,, കെ.കെ.നാരായണൻ
,, പുരുഷൻ കടലുണ്ടിശ്രീ.കെ.രാധാകൃഷ്ണൻ
,, എം.ചന്ദ്രൻ
,, കെ.കെ.നാരായണൻ
,, പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർവിഹിതം കുറച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്ര സർക്കാർ വിഹിതം കുറച്ചതിന്റെ തുടർച്ചയായി ഏതെങ്കിലും ക്ഷേമ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ കുറവ് നികത്തി കൊടുത്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ ഏതൊക്കെയാണ് ; പദ്ധതികളും കേന്ദ്ര വിഹിതവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## നിർഭയ ഷെൽട്ടറുകൾ

2802. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ
,, പി.എ.മാധവൻശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ ഷെൽട്ടറുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

വയോമിത്രം

2803. ശ്രീ.എസ്.രാജേന്ദ്രൻശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ആരോഗ്യസംരക്ഷണ പദ്ധതി -വയോമിത്രത്തിനു ഓരോ വർഷവും നീക്കി വച്ച തുക എത്ര ; ചെലവഴിച്ചതിന്റെ കണക്ക് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നടപ്പിലാക്കാൻ തദ്ദേശസ്ഥാപനങ്ങൾ 10 ലക്ഷം രൂപ മുൻകൂർ സംഭാവന ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ?

അട്ടപ്പാടി മേഖലയിലെ അംഗൻവാടികൾ

2804. ശ്രീ.എ.കെ.ബാലൻശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നു; കഴിഞ്ഞ നാലുവർഷമായി ഓരോ അംഗൻവാടികളിലും എത്തുന്ന കുട്ടികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ അംഗൻവാടികളിൽ എത്ര ജീവനക്കാർ ഉണ്ട്; എത്ര ജീവനക്കാരുടെ ഒഴിവുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിൽ പ്രസ്തുത അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഇവയുടെ അളവും ഒരു കുട്ടിക്കായി ചെലവഴിക്കുന്ന തുകയും വിശദമാക്കുമോ;

(ഡി) കുട്ടികൾക്ക് ഭക്ഷണം നൽകിയ വകയിൽ എത്ര രൂപയാണ് കഴിഞ്ഞ നാലുവർഷങ്ങളിൽ ചെലവഴിച്ചത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണമെന്ന ആവശ്യം

2805. ശ്രീ.ബി.ഡി. ദേവസ്സിശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിനും, പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ വേതനം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും, മിനിമം വേതനം നിശ്ചയിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ആയതിന് നടപടി സ്വീകരിക്കുമോ?

<u>അംഗൻവാടി പ്രവർത്തകരുടെ ജോലിഭാരം</u>

2806. ശ്രീ.കെ.വി.അബ്ദുൾ ഖാദർശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം അംഗൻവാടി പ്രവർത്തകരെ ഉപയോഗിച്ച് നടത്തുന്ന വാർഷിക സർവ്വേയ്ക്കു പുറമേ അംഗ പരിമിതരുടെ സർവ്വേ കൂടി നടത്തുന്നത് അവരുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രവൃത്തികളിൽ നിന്ന് അംഗൻവാടി പ്രവർത്തകരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ദത്തെടുക്കൽ നടപടിക്രമങ്ങളിലെ കാലതാമസം</u>

2807. ശ്രീ.കെ.എൻ.എ.ഖാദർശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളില്ലാത്തതും ദത്തെടുക്കലിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ എത്ര ദമ്പതിമാർ ഉണ്ട്; നടപടിക്രമങ്ങൾ അനുസരിച്ച് ദത്തെടുക്കാൻ കഴിയുന്ന എത്ര കുട്ടികൾ സംസ്ഥാനത്തുണ്ട്;

(ബി) നിയമ പ്രകാരമുള്ള ദത്തെടുക്കലിന് അപേക്ഷ സമർപ്പിച്ച ദമ്പതികൾക്ക് ദത്ത് അനുവദിച്ചു നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണം;

(സി) ദത്തെടുക്കൽ നിയമത്തിൽ കർശന നിബന്ധനകൾ പലപ്പോഴും ദത്തെടുക്കാൻ തയ്യാറാകുന്ന ദമ്പതികളെ പിൻതിരിപ്പിക്കുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ബന്ധപ്പെട്ട നിയമത്തിൽ ആവശ്യമായ ഇളവുകൾ അടിയന്തരമായി ഏർപ്പെടുത്തി ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>വികലാംഗർക്ക് സഹായക ഉപകരണങ്ങൾ</u>

2808. ശ്രീ.പി.ടി.എ. റഹീംശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് സഹായക ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോയെന്നു വിശദമാക്കാമോ ;

(ബി) വികലാംഗർക്ക് മുച്ചക്ര മോട്ടോർ സൈക്കിളുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ

?

<u>സ്നേഹപൂർവ്വം പദ്ധതി</u>

2809. ശ്രീ.പി.കെ.ഗുരുദാസൻ

,, ആർ. രാജേഷ്

ഡോ.കെ.ടി.ജലീൽ

ശ്രീമതി.പി. അയിഷാ പോറ്റിശ്രീ.പി.കെ.ഗുരുദാസൻ

,, ആർ. രാജേഷ്

ഡോ.കെ.ടി.ജലീൽ

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്നേഹപൂർവ്വം പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ധനസഹായത്തിന് അർഹതയുള്ളവർക്ക് ആയത് നൽകാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശം നൽകാമോ ;

(സി) നടപ്പ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ ?

<u>സ്നേഹപൂർവ്വം പദ്ധതി</u>

2810. ശ്രീ.കെ.കെ.ജയചന്ദ്രൻശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന നടത്തിവരുന്ന സ്നേഹപൂർവ്വം പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം ആക്കിയതിനുശേഷം ഇടുക്കി ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി; ഇവയിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ഓരോ വിദ്യാഭ്യാസ സ്ഥാപനവും തിരിച്ച് നൽകാമോ;

(ബി) അർഹതപ്പെട്ടവർ ഏറെയുണ്ടെങ്കിലും അപേക്ഷകരുടെ എണ്ണം വളരെ കുറയാനിടയായ സാഹചര്യം പരിശോധിക്കുമോ;

(സി) അർഹതപ്പെട്ട ഓരോ വിദ്യാർത്ഥിയേയും പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ</u>

2811. ശ്രീ.ഇ.ചന്ദ്രശേഖരൻ

,, വി.ശശി

,, ചിറ്റയം ഗോപകുമാർ

ശ്രീമതി.ഇ.എസ്.ബിജിമോൾശ്രീ.ഇ.ചന്ദ്രശേഖരൻ

,, വി.ശശി

,, ചിറ്റയം ഗോപകുമാർ

ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്താൻ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഭിന്നശേഷിയുള്ള കുട്ടികൾക്ക് അനുയോജ്യമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ സംസ്ഥാനം പിന്നിലാണെന്ന് റിപ്പോർട്ടുകളുണ്ടോ ;

(സി) ഇത്തരത്തിലുള്ളവർക്കുവേണ്ടി പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഈ പദ്ധതി എന്നുമുതൽ ആരംഭിക്കാൻ കഴിയും ;

(ഡി) അംഗീകാരമുള്ള എത്ര സ്പെഷ്യൽ സ്കൂളുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

## അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം

2812. ശ്രീ.മുല്ലക്കര രത്നാകരൻശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ എത്ര കുട്ടികൾ പരിചരിക്കപ്പെടുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇവയ്ക്ക് സ്ഥിരം കെട്ടിടം ഉണ്ടാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ?

## കില -യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റൽ

2813. ശ്രീ.സണ്ണി ജോസഫ്

,, ലൂഡി ലൂയിസ്

,, പി.സി വിഷ്ണുനാഥ്

,, എം.എ. വാഹീദ്ശ്രീ.സണ്ണി ജോസഫ്

,, ലൂഡി ലൂയിസ്

,, പി.സി വിഷ്ണുനാഥ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കില -യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും പ്രവർത്തനത്തിനും ഇത് എത്രമാത്രം സഹായകരമാകുമെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ?

## കിലയിലെ ജീവനക്കാർ .

2814. ശ്രീ.എം.ഉമ്മർശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കില' ഏത് വർഷമാണ് പ്രവർത്തനമാരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥിരം നിയമനം ലഭിച്ചവരും താല്ക്കാലിക നിയമനം ലഭിച്ചവരുമായി കിലയിൽ എത്ര ജീവനക്കാരുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ പി. എസ് .സി,, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് എന്നിവ മുഖേനയും നേരിട്ടും നിയമനം ലഭിച്ചവർ ആരെല്ലാമാണെന്ന് പ്രത്യേകം വിശദമാക്കാമോ;

(ഡി) നേരിട്ട് നിയമനം നടത്തിയ എത്രപേരെ സ്ഥിരിപ്പെടുത്തിയിട്ടുണ്ടെന്നും ഇതിൽ ഓരോരുത്തരേയും ഏത് കാലഘട്ടത്തിലാണ് സ്ഥിരപ്പെടുത്തിയതെന്നും പ്രത്യേകം വെളിപ്പെടുത്താമോ?

(ഇ) ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്യുന്നതെന്ന് അറിയിക്കാമോ;

(എഫ്) ഇവരുടെ ജാതി തിരിച്ചുള്ള കണക്കും സംവരണ വിഭാഗത്തിലുൾപ്പെട്ടവരുടെ കണക്കും സംവരണം വഴി നിയമനം നടത്തേണ്ട ക്വാട്ട എത്രയാണെന്നും അത് നികത്തുന്നതിനു സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
null

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.